**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 219**

# ത്രിത്വം

## TRINITY - TRIUNE

ഓം ശ്രീ സായി രാം.

പ്രശാന്തി സന്ദേശം ഉപാഖ്യാനം 219

നിങ്ങളെല്ലാവരും പ്രശാന്തിനിലയത്തിലെയും നിങ്ങളുടെ ഓരോരുത്തരുടെയും ഭവനത്തിലെയും ദസറ ആഘോഷം ആസ്വദിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ഭഗവാൻ നിങ്ങളെ എല്ലാവരെയും സമൃദ്ധിയാലും ഐശ്വര്യത്താലും അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് മതിയായ ശക്തി നൽകുന്നതിനായി ദുർഗയുടെ രൂപത്തിലുള്ള ദേവിയോടും ഞാൻ പ്രാർത്ഥിക്കുന്നു. ലക്ഷ്മിയുടെ പേരിലുള്ള സകല ഐശ്വര്യത്തിനായും, സരസ്വതിയുടെ പേരിലുള്ള സകല ജ്ഞാനത്തിനായും ഞാൻ പ്രാർത്ഥിക്കുന്നു.



ദുർഗ, ലക്ഷ്മി, സരസ്വതി ഇവർ ശക്തി, സമൃദ്ധി, ജ്ഞാനം ഇവയ്ക്കുവേണ്ടി നിലകൊള്ളുന്നു. നിങ്ങൾ ഇക്കാര്യങ്ങളൊക്കെ പ്രസിദ്ധീകരണങ്ങളിലൂടെ അഥവാ ശ്രീ സത്യസായി മീഡിയ സെന്ററിലൂടെ പ്രക്ഷേപണം ചെയ്യപ്പെട്ടിട്ടുള്ള ടെലികാസ്റ്റിലൂടെ അറിഞ്ഞിട്ടുണ്ടാവും, അവർ വളരെ നല്ല ജോലിയാണ് ചെയ്യുന്നത്.

ഇന്ന് നമുക്ക് കൈകാര്യം ചെയ്യാനുള്ള വിഷയം ത്രിത്വം-ത്രിമൂർത്തികൾ(Trinity) ആണ്. ത്രിത്വം എന്നാൽ മൂന്ന്. ഏതാണീ 3? ഞാൻ പരാമർശിച്ചതുപോലെ, അവർ ദുർഗ, ലക്ഷ്മി, സരസ്വതി ഇവരാകുന്നു. ത്രികാലങ്ങളുമുണ്ട്-ഭൂതം, വർത്തമാനം, ഭാവി. 3 അടിസ്ഥാന ഗുണങ്ങളുണ്ട്-സാത്വികം, രാജസികം, താമസികം-അവ ധാർമ്മികത, കാമം, മൃഗത്വം ഇവയ്ക്കായി നിലകൊള്ളുന്നു.

എല്ലായിടത്തും ഈ 3 നിങ്ങൾക്ക് കാണാം. വാസ്തവത്തിൽ, സമസ്ത പ്രപഞ്ചവും ഈ മൂന്നിന്റെയും ഒരു സൃഷ്ടിയാണ്. ഉദാഹരണമായി, നമുക്ക് 3 ദേവന്മാരുണ്ട്-ബ്ര

ഹ്മാവ്, വിഷ്ണു, മഹേശ്വരൻ. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ ഇവരും ഒരു ത്രിത്വം -ത്രിമൂർത്തികൾ ആകുന്നു.

ബ്രഹ്മാവ് സൃഷ്ടി(creation)യെ പ്രതിനിധീകരിക്കുന്നു, വിഷ്ണു സ്ഥിതി(sustenance)ക്കായി നിലകൊള്ളുന്നു, ശിവന് സംഹാര(annihilation)ത്തിന്റെ ചുമതലയാണ്. സൃഷ്ടി, സ്ഥിതി, സംഹാരം ഇവ ഈ വിശ്വത്തിൽ സമസ്ത ജീവികൾക്കുമുള്ള 3 പൊതു ഘടകങ്ങളാണ്. ഒന്നാമത്തേത് സൃഷ്ടിയാണ്. സൃഷ്ടിക്കപ്പെട്ട നിലയ്ക്ക്, ജീവിതം പരിപാലിക്കപ്പെടുന്നു. ഒരു നിശ്ചിത കാലത്തേക്ക് പരിപാലിക്കപ്പെടുമ്പോൾ, ജീവിതം ഒരു അന്ത്യത്തിലേക്കെത്തുന്നു, ഇതിനെ




നമ്മൾ ലയം അഥവാ സംഹാരം അഥവാ മൃത്യു എന്ന് വിളിക്കുന്നു. അപ്പോൾ ഇവിടെയും നിങ്ങൾ ത്രിത്വം, ത്രിമൂർത്തിയായ ഈശ്വരനെ, കാണുന്നു.

നാം ശാസ്ത്രയുഗത്തിലായതുകാരണം, ഇതിനെ ശാസ്ത്രീയമായി വിശദീകരിക്കുന്നത് ഏറ്റവും നല്ലതും പ്രസക്തവുമായിരിക്കും. നമുക്ക് ഈ മൂന്നു കാര്യങ്ങളുടെ പേരറിയാം-ഇലക്ട്രോണുകൾ, പ്രോട്ടോണുകൾ, ന്യൂട്രോണുകൾ. ഏറ്റവും സൂക്ഷ്മമായ കണങ്ങളാണിവ. എല്ലാ വസ്തുക്കളും, മുഴുവൻ ലോകവും ഇവ മൂന്നും- ഇലക്ട്രോണുകൾ, പ്രോട്ടോണുകൾ, ന്യൂട്രോണുകൾ- കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇവ തീർച്ചയായും അതി സൂക്ഷ്മ കണങ്ങളാണ്!




ഇനി, ഈ സംഗതി മറ്റൊരു തരത്തിലും പറയാവുന്നതാണ്. ഉദാഹരണത്തിന്, ബ്രഹ്മാവ് പോസിറ്റീവായ എല്ലാത്തിനെയും സൂചിപ്പിക്കുന്നു, കാരണം അത് സൃഷ്ടിയാണ്. നേരേ മറ്റേ അറ്റത്താവട്ടെ ശിവനാണ്, അവിടുന്ന് സംഹാരപ്രതീകമാണ്. രണ്ട് അതിരുകളാകുന്നു ഇവ, ജനനവും മരണവും, സൃഷ്ടിയും സംഹാരവും. ഈ രണ്ടറ്റങ്ങൾക്കുമിടയ്ക്കാണ് ജീവിതം. ഈ ജീവിതത്തെയാണ് നിങ്ങൾ സ്ഥിതി, പരിപാലനം അഥവാ വിഷ്ണു എന്ന് വിളിക്കുന്നത്. അപ്പോൾ വിഷ്ണു മധ്യേയാണ്, ബ്രഹ്മാവ് ഒരറ്റത്തും ശിവൻ മറ്റേ അറ്റത്തും.

ബ്രഹ്മാവിനെ കൂടാതെ, സൃഷ്ടി കൂടാതെ, ഒന്നിനെക്കുറിച്ചും യാതൊരു ചോദ്യവും ഉദിക്കുന്നില്ല! ഒരു കാര്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സൃഷ്ടിക്കപ്പെട്ട സ്ഥിതിക്ക്, പരിപാലിക്കപ്പെട്ടില്ലെങ്കിൽ, മുമ്പോട്ട് പോകുക പ്രയാസമാവും. അപ്പോൾ, ഒരുവൻ ജീവിതം നിലനിർത്തുന്നതിനായി, ജീവിതം തുടർന്നേ മതിയാവൂ. ജീവിതം ഇങ്ങനെ മുന്നോട്ടു നീങ്ങുമ്പോൾ, അത് അവസാനിക്കേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ ഭഗവത്ഗീത പറയുന്നു, ‘‘സൃഷ്ടിക്കപ്പെട്ടതിനൊക്കെ അന്ത്യമുണ്ടായേ മതിയാവൂ.’’

അപ്പോൾ ഞാൻ നിങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്ന ഈ മൂന്ന്, ഈ ത്രിത്വം, യുഗങ്ങളായി ഉള്ളതാണ്, ആരംഭം തൊട്ടേ. എന്നാൽ ഇപ്പോൾ, ശ്രദ്ധിക്കുക, ഈ മൂന്നിൽ രണ്ടെണ്ണം നമ്മുടെ കൈകളിലല്ല. നാം ഭൗതികദൃഷ്ടിയിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ, നമ്മുടെ ജനനം നമ്മുടെ കൈകളിലല്ല. ഏതുതരം ജന്മമാണ് നമുക്ക് വേണ്ടതെന്ന് കാണിച്ചുകൊണ്ട് നമുക്ക് അപേക്ഷാഫാറം പൂരിപ്പിച്ച് നൽകാനാവില്ല. നാം എവിടെ ജനിക്കണം എന്ന് നമുക്ക് ഐച്ഛികമായി തരില്ല. അപ്പോൾ ഈ ബ്രഹ്മഭാവം, സൃഷ്ടി അഥവാ ജനനം, മനുഷ്യകർമത്തിന് അഥവാ മാനവചിന്തയ്ക്ക് അതീതമാകുന്നു.





ഇനി മറ്റേ അറ്റത്ത് ശിവന്റെ സംഹാരം അഥവാ മൃത്യുവും മനുഷ്യന്റെ കൈകളിലല്ല. അന്ത്യം എത്തുമ്പോൾ, അതെങ്ങനെ വരുന്നു എന്ന് ആർക്കും തീരുമാനിക്കാനാവില്ല. അപ്പോൾ ബ്രഹ്മഭാവവും ശിവഭാവവും മനുഷ്യധാരണയ്ക്കും പ്രവൃത്തിക്കും അതീതമാണ്.

അപ്പോൾ രണ്ടിനും ഇടയ്ക്കുള്ളത് സ്ഥിതി അഥവാ പരിപാലനം അഥവാ പൊതുവെ ജീവിതമാണ്, ഭഗവാൻ വിഷ്ണു അതിനെ പ്രതിനിധാനം ചെയ്യുന്നു. മനുഷ്യപ്രയത്നം പോലെയെന്തും, മനുഷ്യപ്രവൃത്തി, പ്ലാനിംഗ്, നിർവഹണം പോലെയെന്തും പര്യാലോചിക്കപ്പെടുകയും നടപ്പിലാക്കപ്പെടുകയും വേണ്ടത് ജീവിതകാലത്തു തന്നെയാണ്. ഇതിനെയാണ് നമ്മൾ സ്ഥിതി, വിഷ്ണു, എന്ന് വിളിക്കുക.



അങ്ങനെ ഭൗതികദൃഷ്ടിയിൽനിന്നു പോലും, സകല മനുഷ്യപ്രയത്നവും, സകല മാനവ പുരോഗതിയും, സകല മുന്നേറ്റവും, അഥവാ നിങ്ങളതിനെ എന്തുതന്നെ വിളിച്ചാലും, നമ്മുടെ ജീവിതകാലത്തുതന്നെ ചെയ്യണം, ഇതിനെയാണ് നമ്മൾ പരിപാലനം അഥവാ വിഷ്ണുഭാവം എന്ന് വിളിക്കുക. ഇതെല്ലാം ഭൗതികകാഴ്ചപ്പാടിലാണ്.



ഇനി, ഞാൻ നിങ്ങളെ ഇതിന്റെ ആദ്ധ്യാത്മികവശത്തിലേക്ക് കൊണ്ടുപോവട്ടെ. ആദ്ധ്യാത്മികവശം നിരവധി കാര്യങ്ങൾ പറയുന്നു, വിവിധ തത്വചിന്താ പദ്ധതികൾ വിഭിന്ന സിദ്ധാന്തങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ഒരു സിദ്ധാന്തപ്രകാരം, ജനനം പൂർവജന്മത്തെ ആശ്രയിച്ചിരിക്കുന്നു. പൂർണമായും നിരീശ്വരവാദപരമായ മറ്റൊരു സിദ്ധാന്തപ്രകാരം, ജനനം യാദൃശ്ചികമാണ്. അതിന് പൂർവജന്മവുമായി ബന്ധമൊന്നുമില്ല, ഇല്ല! അപ്പോൾ, ഇവ രണ്ട് തത്വചിന്താ പദ്ധതികളാണ്. ഒന്ന് പറയുന്നു ജനനം പൂർവജന്മത്തെ ആശ്രയിച്ചിരിക്കുന്നു എന്ന്, മറ്റേത് പറയുന്നു ജനനത്തിന് പൂർവജന്മവുമായി ബന്ധമൊന്നുമില്ല എന്ന്.

ഇനി മധ്യഭാഗത്തിലേക്ക് വരുമ്പോൾ, അതിനെ പ്രതിനിധാനം ചെയ്യുന്നത് വിഷ്ണുവാണ്, ഇവിടെയും രണ്ട് സിദ്ധാന്തങ്ങളുണ്ട്. ഒരു സിദ്ധാന്തം പറയുന്നത്, എന്തു പുരോഗതിയും വികസനവും നിങ്ങളുടെ ധിഷണയെ, നിങ്ങളുടെ പരിശ്രമത്തെ, നിങ്ങളുടെ ക്രിയാത്മകതയെ, നിങ്ങളുടെ കഠിനാദ്ധ്വാനത്തെ, ആശ്രയിച്ചിരിക്കുന്നു എന്നാണ്. അതെ, ഇവയാണാ ഘടകങ്ങൾ. അതേസമയം മറ്റൊരു ചിന്താ പദ്ധതി



പറയുന്നത്, ഇല്ലില്ല, ഓരോ കാര്യവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ് എന്നാണ്. ഇത് വിശ്വാസമാണ്. ഇതെല്ലാം വിധിയാണ്. ഒന്നും നിങ്ങളുടെ കൈകളിലല്ല. മുൻകൂട്ടി നിശ്ചയിക്കപ്പെട്ടത്, നേരത്തേ കല്പിക്കപ്പെട്ടത്, ഒരുവൻ അനുസരിച്ചേ മതിയാവൂ. അതാണ് കളി.

മൂന്നാമത്തെ ഭാവത്തിലേക്ക് വരുമ്പോൾ, സംഹാരത്തെ പ്രതിനിധാനം ചെയ്യുന്ന ശിവനാണ്, ഇവിടെയും രണ്ട് പരസ്പരവിരുദ്ധ സിദ്ധാന്തങ്ങളുണ്ട്. എല്ലാം നിങ്ങൾ ചെയ്യുന്ന നന്മയെ ആശ്രയിച്ചിരിക്കും. ഒരു സിദ്ധാന്തം പറയുന്നത്, നിങ്ങൾ നേരിടുന്ന അന്ത്യം പോലും നിശ്ചയിക്കുക വർത്തമാന ജീവിതമാണ് എന്നാണ്. അന്ത്യം ഒരുപക്ഷേ ദുരന്തമാവാം അഥവാ അതൊരു സുരക്ഷിത യാത്രയാവാം. അത് നിങ്ങളുടെ ജീവിതത്തിലെ ഇപ്പോഴത്തെ കർമപഥത്തെ ആശ്രയിച്ചിരിക്കും. ഇതാണ് ഒരു തത്വചിന്താപദ്ധതി.

മറ്റൊരു തത്വചിന്താപദ്ധതി പറയുന്നത്, അവസാനം നേരത്തേതന്നെ തീരുമാനിക്കപ്പെട്ടിരിക്കുകയാണ്, മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുകയാണ് എന്നത്രേ. നമുക്കറിയാവുന്നതുപോലെ, ആളുകൾ കൈനോട്ടക്കാരുടെ അടുത്തേക്ക് പോകുകയാണ് അല്ലെങ്കിൽ അവർ അവരുടെ ജാതകം വിശ്വസിക്കുകയാണ്, ചിലർക്ക് 'നാഡി'കളിലാണ് വിശ്വാസം. അവർ വിശ്വസിക്കുന്നത് അന്ത്യം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ് എന്നാണ്. ഇതാണ് മറ്റൊരു തത്വചിന്താപദ്ധതി.




അങ്ങനെ, തുടക്കം, സൃഷ്ടി അഥവാ ബ്രഹ്മഭാവം; പിന്നെ ഒടുക്കം, സംഹാരം അഥവാ ശിവഭാവം, ഇവയ്ക്ക് രണ്ട് വ്യത്യസ്ത വീക്ഷണങ്ങൾ ഉണ്ട്, എന്തുകൊണ്ടെന്നാൽ ഇവ രണ്ടും നമ്മുടെ കൈകളിലല്ല. കൂടാതെ വർത്തമാന ജീവിതം, വിഷ്ണുഭാവത്തിനും രണ്ട് വിരുദ്ധ സിദ്ധാന്തങ്ങൾ ഉണ്ട്.

ഇനി ഞാൻ നിങ്ങളെ ഈ ത്രിത്വത്തിന്റെ മറ്റൊരു വശത്തേക്ക് കൊണ്ടുപോവാം. ഭൂതം, ഭാവി, വർത്തമാനം ഇവയിൽ വിശ്വസിക്കുന്നവർ, ജനന-മരണ ചക്രത്തിൽ വിശ്വസിക്കുന്നവർ, ഒരു തത്വചിന്താപദ്ധതിയിൽ ഉൾപ്പെടുന്നു. എന്നാൽ മറ്റൊരു തത്വചിന്താപദ്ധതി പറയുന്നത് ഒരു തുടക്കമോ ഒടുക്കമോ ഇല്ലെന്നാണ്. ഞാൻ ആവർത്തിക്കട്ടെ, ആരംഭമോ അവസാനമോ ഇല്ല. സൃഷ്ടി ഇല്ല, സ്ഥിതി ഇല്ല, അതു

കൊണ്ട്, സംഹാരം അഥവാ അന്ത്യവും ഇല്ല. ഇതിനെയാണ് അദ്വൈതസിദ്ധാന്തം അഥവാ അദ്വൈതം എന്ന് വിളിക്കപ്പെടുന്നത്.


Adi Shankaracharya

അപ്പോൾ, മൂന്ന് ദേവന്മാർ, നേരത്തേ പരാമർശിച്ച ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ ഇവർ മൂന്ന് രൂപത്തിലുള്ള മൂന്ന് നാമങ്ങളാണ്, ഭക്തരാൽ അവർ ആരാധിക്കപ്പെടുന്നു. അതെ. നാം അവരുടെ ചിത്രങ്ങൾ കാണുന്നു, ക്ഷേത്രങ്ങളിൽ നാം അവരുടെ വിഗ്രഹങ്ങൾ കാണുന്നു. അപ്പോൾ, ഇവർ മൂവരും വിഗ്രഹങ്ങളാകുന്നു. നാമരൂപങ്ങളോടെ അവർ ആരാധിക്കപ്പെടുന്നു. ജീവിതത്തെ വിശാലമായ രീതിയിൽ നോക്കിക്കാണുന്ന ഒരു രീതിയാണിത്.

ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ, ത്രിത്വമായ ഈശ്വരൻ(Triune God) എന്നു വച്ചാൽ ഒരേ ഉത്പത്തിയുള്ള മൂന്ന് എന്നാണ് അർത്ഥമാക്കുന്നത്. ഇവ മൂന്നും-ഭൂതം, ഭാവി, വർത്തമാനം, ഇവയ്ക്ക് ഒരേ ഉത്പത്തി അഥവാ ഒരേ തുടക്കം അഥവാ അധിഷ്ഠാനം ആണുള്ളത്. ഉദാഹരണത്തിന്, വിവിധ തരത്തിലുള്ള ആഭരണങ്ങൾ ഒരേ സ്വർണംകൊണ്ടാണ് നിർമ്മിക്കപ്പെടുന്നത്, വ്യത്യസ്തങ്ങളായ കുടങ്ങൾ, കല്ലോട്, അഥവാ അടപ്പുകൾ ഒരേ കളിമണ്ണുകൊണ്ടാണ് നിർമ്മിക്കപ്പെടുന്നത്.



അപ്പോൾ, വിഭിന്നതയെന്നത് ഏകത്വ(oneness)ത്തിൽനിന്നാണ് വരുന്നത്. അതുകൊണ്ട് ശങ്കര അദ്വൈതം പറയുന്നത് ഏകത്വം ബ്രഹ്മം ആണെന്നാണ്, ഒരേയൊരു സത്യം ബ്രഹ്മം ആണെന്നാണ്. അതു മാത്രം. ബാക്കിയെല്ലാം വിഭിന്ന തരത്തിലുള്ള അതിന്റെ തന്നെ ആവിർഭാവങ്ങൾ(appearances) ആകുന്നു. ഭൂതം, ഭാവി, വർത്തമാനം ഇവ അതേ ബ്രഹ്മം തന്നെ. അതേ ബ്രഹ്മം തന്നെ ജനനവും പാലനവും മരണവും. സ്വർണക്കമ്മലും സ്വർണഅരഞ്ഞാണവും സ്വർണവളയും ഒരേ സ്വർണം കൊണ്ട് നിർമ്മിക്കപ്പെടുന്നതുപോലെ.

അതുകൊണ്ട്, അദ്വൈത തത്വശാസ്ത്രം ഭൂതം, ഭാവി, വർത്തമാനം ഇവയെ അംഗീകരിക്കുന്നില്ല. ഇവയൊക്കെ ബ്രഹ്മം മാത്രമാണ്, വ്യത്യസ്ത രീതികളിൽ വീക്ഷിക്കപ്പെടുന്നുവെന്നേയുള്ളൂ. എന്നാൽ അടിസ്ഥാനപരമായി അത് ഒരൊറ്റ ഈശ്വരനാണ്. അത് ആ ഏകത്വമാകുന്നു, അത്രമാത്രം. ഒരു കാര്യത്തെ വ്യത്യസ്തമായ രീതിയിൽ നിങ്ങൾ വിളിച്ചേക്കാം, അതിന്റെ ഉദ്ദേശ്യത്തെ അടിസ്ഥാനമാക്കി വേറൊരു പേരിൽ.

ഇതെല്ലാം ഉപയോഗിതാവാദം(utilitarian) ആകുന്നു. തിരകൾ വ്യത്യസ്തമാവാം, നുരകൾ വ്യത്യസ്തമാവാം, പക്ഷേ അവ ഒരേ സമുദ്രത്തിൽനിന്ന് ഉത്ഭവിച്ചവയാണ്.

സമാനരീതിയിൽ, കാണപ്പെടുന്നതൊക്കെ സത്യമെന്നു കരുതാനാവില്ല. കുറച്ചകലെ നിന്നുകൊണ്ട്, നല്ല പകൽവെട്ടത്ത് നിങ്ങൾ വെള്ളം ഓളം തല്ലുന്നതുപോലെ കണ്ടേക്കാം. പക്ഷേ അടുത്തു ചെല്ലുമ്പോൾ അത് പ്രകാശം മാത്രമായിരുന്നു, അവിടെ വെള്ളമില്ല എന്ന് നിങ്ങൾക്ക് കാണാനാവും. ഇതിനെയാണ് നിങ്ങൾ മരീചിക(mirage) എന്നു വിളിക്കുന്നത്. അപ്പോൾ, അത് പ്രകാശം മാത്രമാണ്, ഉള്ളിൽ വെള്ളമില്ലാത്ത മരീചിക മാത്രമാണ്. വെള്ളമേയില്ല! അപ്പോൾ നാം എന്താണോ കാണുന്നത് അത് കണക്കിലെടുക്കാനാവില്ല. ഇവിടെ നിന്നുകൊണ്ട് നോക്കുമ്പോൾ നക്ഷത്രങ്ങൾ തീരെ ചെറുതായി തോന്നും, എന്നാൽ അവയിൽ പലതും ഭൂമിയേക്കാൾ വലുതാണ്!




അപ്പോൾ, ആധുനിക ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും കൂടുതൽ പൊരുത്തപ്പെടുന്ന ഈ അദ്വൈത തത്വചിന്തമേലാണ് സ്വാമി അവിടുത്തെ മിക്ക ദിവ്യപ്രഭാഷണങ്ങളും ആധാരമാക്കി വികസിപ്പിച്ചിട്ടുള്ളത്.

അവിടുത്തെ കവിതകളിലൊന്നിൽ അവിടുന്ന് പറഞ്ഞു,

ചുക്കലന്നിയു ബ്രഹ്മ,
സൂര്യണ്ടു ബ്രഹ്മ,
ചന്ദ്രുനന്നു ബ്രഹ്മ.

അവിടുന്ന് സമസ്ത പ്രകൃതിയെയും വർണിക്കുകയാണ്. നക്ഷത്രങ്ങൾ ബ്രഹ്മമാകുന്നു, സൂര്യൻ ബ്രഹ്മമാകുന്നു, ചന്ദ്രൻ ബ്രഹ്മമാകുന്നു, അതെ. ഓരോന്നും ബ്രഹ്മമാകുന്നുവെന്ന് ആ അതിശയകരമായ കവിത പറയുന്നു. ആ കവിത തെലുങ്കിൽ രചിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, എനിക്കത് നേരിട്ട് പരിഭാഷപ്പെടുത്താൻ കഴിവില്ല. എന്നാൽ ആ കവിത വ്യക്തമായും കാണിക്കുന്നത് ഇതെല്ലാം ബ്രഹ്മമാകുന്നു എന്നാണ്. അപ്രകാരമാണ് സ്വാമി ആ കവിതയിൽ പറഞ്ഞിട്ടുള്ളത്.

അതിനാൽ, ഭഗവാൻ ഉത്ഘോഷിക്കുന്നത് അദ്വൈത തത്വചിന്ത അഥവാ ശങ്കര അദ്വൈതമാണ്.
അങ്ങനെ ഈ പ്രഭാഷണത്തിൽ, ത്രിത്വം, ത്രിമൂർത്തികൾ എന്നത് ഒരേയൊരു ഈശ്വരന്റെ മൂന്ന് ഭാവങ്ങളാണ് എന്ന വസ്തുത നിങ്ങളുമായി പങ്കിടുന്നതിനാണ് ആഗ്രഹിച്ചത്. അപ്പോൾ, ഏകത്വം, ബ്രഹ്മൻ മാത്രമേയുള്ളൂ, അത് മൂന്നായി പ്രത്യക്ഷപ്പെടുകയാണ്, അത്രമാത്രം.

ബ്രഹ്മൻ എന്നത് ബ്രഹ്മത്തിൽനിന്ന് ഭിന്നമാണ്. ദയവായി ഇത് ശ്രദ്ധിച്ചാലും. ബ്രഹ്മാവ് എന്നത് ബ്രഹ്മൻ അഥവാ ബ്രഹ്മത്തിൽനിന്ന് ഭിന്നമാണ്. ബ്രഹ്മാവ് എന്നത് ഒരു നാമവും രൂപവുമുള്ള ഒരു ദേവനാണ്, എന്നാൽ ബ്രഹ്മം അഥവാ ബ്രഹ്മൻ എന്നത്, വിഭിന്ന രൂപങ്ങളിൽ പ്രത്യക്ഷമാവുന്ന അടിസ്ഥാന പൊരുൾ(basic substratum) ആണ്, അടിസ്ഥാന ദൈവത്വം ആണ്, അതിനെ നാം ആഭാസം അഥവാ ആവിർഭാവങ്ങൾ എന്ന് വിളിക്കുന്നു.




കൂടുതൽ അടുത്ത വേളയിൽ! നിങ്ങളുടെ സമയത്തിന് നന്ദി.
സായിരാം.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)